# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **4670** **27/06/2014**-ൽ മറുപടിക്ക്

<u>കരുമാടിക്കുട്ടൻ സ്മാരകവികസന സമിതി പുന:സംഘടന</u>

<u>ചോദ്യം</u>

ശ്രീ. ജി. സുധാകരൻ :

<u>ഉത്തരം</u>

ശ്രീ. കെ.സി. ജോസഫ്

(ബഹു.ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കരുമാടിക്കുട്ടൻ സ്മാരക വികസന സമിതി രൂപീകരിക്കുന്നതിന് പുരാവസ്തുവകുപ്പ് ശുപാർശ നൽകിയിരുന്നോ; ആരെയെല്ലാം ഉൾപ്പെടുത്തി സമിതി രൂപീകരിക്കുവാനാണ് ശുപാർശ നൽകിയിരുന്നത് ; വിശദമാക്കുമോ ; | (എ) | അഡ്വക്കേറ്റ് കരുമാടി ശശി, കരുമാടി മുരളി, സ്ഥലം എം.എൽ.എ. (ചെയർമാൻ), കൃഷ്ണപുരം കൊട്ടാരം ചാർജ്ജ് ഓഫീസർ (കൺവീനർ), പുരാവസ്തു വകുപ്പ് അദ്ധ്യക്ഷൻ എന്നിവരെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിക്കുവാനാണ് ശുപാർശ നൽകിയിരുന്നത്. |
| (ബി) | സമിതി രൂപീകരിച്ച് സർക്കാർ ഉത്തരവായപ്പോൾ സ്ഥലം എം.എൽ.എ. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, പുരാവസ്തുവകുപ്പ് ഡയറക്ടർ, കൃഷ്ണപുരം കൊട്ടാരം ഓഫീസർ - ഇൻ - ചാർജ്ജ് എന്നിവരെ ഒഴിവാക്കാനുള്ള കാരണം വിശദമാക്കാമോ ; | (ബി) ആന്റ് (സി) | കരുമാടിക്കുട്ടൻ മണ്ഡപത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായുള്ള ഉപദേശക സമിതിയാണ് സർക്കാർ രൂപീകരിച്ചത്. സ്ഥലം എം.എൽ.എ., കൃഷ്ണപുരം കൊട്ടാരം ചാർജ്ജ് ഓഫീസർ, പുരാവസ്തു വകുപ്പദ്ധ്യക്ഷൻ എന്നിവർ ഈ സമിതിയിൽ ഉൾപ്പെട്ടിട്ടില്ലായിരുന്നു. പിന്നീട് പ്രസ്തുത വികസന ഉപദേശക സമിതിയിൽ കൃഷ്ണപുരം കൊട്ടാരം ചാർജ്ജ് ഓഫീസറെയും പുരാവസ്തുവകുപ്പദ്ധ്യക്ഷനെയും ഉൾപ്പെടുത്തി ഭേദഗതി വരുത്തി സമിതി രൂപീകരിച്ചിട്ടുണ്ട്. സ്ഥലം M.L.A.യെ കൂടി ഉൾപ്പെടുത്തുവാൻ നിർദേശം നൽകിയിട്ടുണ്ട്. |
| (സി) | പുരാവസ്തു വകുപ്പ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സ്ഥലം എം.എൽ.എ, ജില്ലാപഞ്ചായത്ത് പ്രസിഡന്റ്, പുരാവസ്തു വകുപ്പ് ഡയറക്ടർ, കൃഷ്ണപുരം കൊട്ടാരം ഓഫീസർ ഇൻ ചാർജ്ജ് എന്നിവരെ കൂടി ഉൾപ്പെടുത്തി കരുമാടിക്കുട്ടൻ സ്മാരകസമിതി പുന:സംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ? | | |

(ഒപ്പ്)

സെക്ഷൻ ഓഫീസർ